2. കൊപ്രയ്ക്ക് പ്രഖ്യാപിക്കുന്ന താങ്ങുവിലയുമായി ബന്ധപ്പെടുന്ന വില നിശ്ചയിച്ച് കർഷകരിൽനിന്നും നാളികേരം സംഭരിക്കുക.

3. സോപ്പ്, വനസ്പതി, സൗന്ദര്യവർദ്ധകവസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിൽ വെളിച്ചെണ്ണ നിർബന്ധമായും ഉപയോഗിക്കുന്നതിനും നിയമനിർമ്മാണം നടത്തുക.

4. എണ്ണയുടെ, വിശേഷിച്ച് പാം ഓയിലിന്റെ ഇറക്കുമതി തീരുവ 300 ശതമാനമായി ഉയർത്തുക

5. ആഭ്യന്തര ഉൽപാദനം, ആഭ്യന്തര ഉപയോഗത്തെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാണെങ്കിൽ ആ ഉൽപന്നങ്ങളുടെ ഇറക്കുമതി നിരോധിക്കുക.

6. തക്കസമയത്തുതന്നെ (ഡിസംബറിൽ) കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുക.

7. നാളികേര ഉല്പന്ന വൈവിദ്ധീകരണത്തിന് കേന്ദ്ര സഹായം നൽകുക

8. മറ്റു സംസ്ഥാനങ്ങളിൽ തെങ്ങുകൃഷി അനിയന്ത്രിതമായി വ്യാപിപ്പിക്കുന്നത് തടയുക.

9. ഉൽപാദനചിലവ് കുറയുന്നതിന് സഹായകരമായി ഗവേഷണങ്ങളും യന്ത്രവൽക്കരണവും രൂപകൽപന ചെയ്യുവാൻ കേന്ദ്രം 100ശതമാനം സഹായിക്കുക.

(ഡി) ഇക്കാര്യം പഠിച്ചുവരുന്നതേയുള്ളൂ.

(ഇ) ഗാട്ടുകരാർ മൂലമുണ്ടായിട്ടുള്ള പ്രതിസന്ധിയെ നേരിടുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനുവേണ്ടി പ്രാരംഭമായി ഒരു ഡബ്ല്യൂ.റ്റി.ഒ. വിശകലനസെൽ രൂപീകരിക്കുന്നതാണ്.

കർഷകരുടെയും ചെറുകിട ഭൂവുടമകളുടെയും ദു:സ്ഥിതി

20 (*80) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന ഉൽപന്നങ്ങളായ നാളികേരം, റബ്ബർ, കുരുമുളക്, എന്നിവയുടെ വിലയിടിവുമൂലം സാമ്പത്തിക തകർച്ച അനുഭവിക്കുന്ന കർഷകരുടെയും ചെറുകിട ഭൂഉടമകളുടെയും ദു:സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് ആശ്വാസം നൽകാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ സജീവ പരിഗണന നൽകി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കേന്ദ്ര ഗവൺമെന്റ് പ്രാവർത്തികമാക്കിവരുന്ന പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായിട്ടാണ് വില തകർച്ച സംഭവിച്ചിട്ടുള്ളത്.

(ബി) റബ്ബറിന്റെ വിലയിടിവു തടയുന്നതിൽ കമ്പോളവിലയേക്കാൾ കിലോഗ്രാമിന് 50 പൈസ അധികം നൽകി റബ്ബർ സംഭരിക്കുന്ന സംഭരണ ഏജൻസികൾക്ക് കൈകാര്യ ചെലവായി 50 പൈസയും നൽകുന്നു. റബ്ബറും ലാറ്റക്സും കയറ്റുമതി ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കുന്നു. എസ്.ടി.സി. വാങ്ങുന്ന റബ്ബറിനെ വാങ്ങൽ നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്. 2000-ൽ വിളവെടുപ്പുകാലത്ത് കിന്റലിന് 3250 രൂപ താങ്ങുവില പ്രകാരം 80,000 മെട്രിക് ടൺ കൊപ്ര സംഭരിച്ചു. 2001-ൽ 4600 രൂപ താങ്ങുവില പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സജീവ പരിഗണന നൽകി ആവശ്യമായ പരിപാടികൾ ഇപ്പോൾ തന്നെ നടപ്പിലാക്കുന്നുണ്ട്.

റബ്ബറും കയറും കാർഷികോൽപന്നങ്ങളാക്കണമെന്ന ആവശ്യം

21 (*81) ശ്രീ. കെ. പി. വിശ്വനാഥൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറും കയറും കാർഷികോൽപന്നങ്ങളാക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ബി) റബ്ബറിന്റെയും നാളികേരത്തിന്റെയും വിലയിടിവിന് മറ്റെന്തെല്ലാം പരിഹാര നടപടി സ്വീകരിക്കണമെന്നാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നാളികേരകൃഷിയുടെ സമഗ്രവികസനത്തിലൂടെ കർഷകന്റെ ആദായം വർദ്ധിപ്പിക്കുന്നതിന് 896.39 കോടി രൂപയുടെ കോക്കനട്ട് ടെക്നോളജിമിഷൻ എന്ന പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില ഉയർത്തണമെന്നും എസ്.ടി.സി. മുഖേന റബ്ബർ കയറ്റി അയയ്ക്കണമെന്നും നാളികേരം, അടയ്ക്ക, കാപ്പി എന്നിവയ്ക്ക് താങ്ങുവില ഏർപ്പെടുത്തണമെന്നും ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി തീരുവ 300 ശതമാനമായി വർദ്ധിപ്പിക്കണമെന്നും പിണ്ണാക്ക്, തവിട് തുടങ്ങിയ എണ്ണ കലർന്ന പദാർത്ഥങ്ങളുടെ ഇറക്കുമതി

LIBRARY ARCHIVES Kerala Legislative Assembly